ഗ്രാമ ന്യായാലയ ഇരിട്ടി, പായം
സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T. , BA LL.B (H)*
ന്യായാധികാരി
തീയ്യതി: **2026** ഏപ്രിൽ **20 / 1948** ചൈത്രം **30**

---

# M.C. No. 24/2022

| | | |
|---|---|---|
| ഹർജിക്കാരി | : | കുണ്ടിലെ വീട്ടിൽ മുഹസീനത്ത് സൽമ<br>D/o.അബ്ദുൾ ഖാദർ, വയസ്സ് 21,<br>കുണ്ടിലെ വീട്ടിൽ ഹൗസ്, ആറളം അംശം ദേശം<br>ഇരിട്ടി താലൂക്ക്, കണ്ണൂർ ജില്ല<br>(ആറളം പോലീസ് സ്റ്റേഷൻ പരിധി)<br><br>***(ഹർജിക്കാരിക്കു വേണ്ടി അഡ്വ.ടി.എ.ജസ്റ്റിൻ )*** |
| എതൃകക്ഷികൾ | : | 1. അഫ്നാദ്<br>S/o. വളപ്പനാണ്ടി വീട്ടിൽ ഹംസ, വയസ്സ് 25<br>നാലുതറ, പള്ളൂർ, മാഹി<br><br>2. സീനത്ത്<br>W/o.വളപ്പനാണ്ടി വീട്ടിൽ ഹംസ, വയസ്സ് 46,<br>നാലുതറ, പള്ളൂർ, മാഹി<br><br>3. സ്വാലിഹ<br>W/o. അഫ്നാസ്, വയസ്സ് 24,<br>നാലുതറ, പള്ളൂർ, മാഹി<br>(മാഹി പോലീസ് സ്റ്റേഷൻ പരിധി)<br><br>***(എതൃകക്ഷികൾക്കു വേണ്ടി അഡ്വ.കെ.സത്യൻ )*** |

## <u>ഉത്തരവ്</u>

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം, 2005ലെ *(*ഇനി മുതൽ *'**2005**ലെ നിയമം' )* 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

**2.** <u>അപേക്ഷയിലെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :-

എതൃകക്ഷികൾ ക്രമേണ ഹർജിക്കാരിയുടെ ഭർത്താവും, ഭർതൃമാതാവും, ഭർതൃ സഹോദരന്റെ

ഭാര്യയുമാണ്. പ്ലസ്സ വരെ പഠിച്ച ഹർജിക്കാരിക്ക് ജോലിയൊന്നും ഇല്ല. ഒന്നാം എതൃകക്ഷിയുമായിട്ടുള്ള വിവാഹശേഷം ഇരുവരുടെയും വീടുകളിൽ മാറി മാറി താമസിച്ചു വന്നു. വിവാഹശേഷം ആദ്യ ഒരാഴ്ച്ച കഴിഞ്ഞപ്പോൾ തന്നെ ഒന്നും രണ്ടും എത്യകക്ഷികൾ മോശമായാണ് പെരുമാറിയിരുന്നത്. വിവാഹസമയത്ത് ഹർജിക്കാരിക്കുണ്ടായിരുന്ന 20 ¾ (ഇരുപതേ മുക്കാൽ) പവൻ സ്വർണ്ണാഭരണങ്ങളിൽ 5 (അഞ്ച്) പവൻ വരുന്ന ഒരു മാല, വിവാഹം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ തന്നെ രണ്ടാം എതൃകക്ഷി പണത്തിന് അത്യാവശ്യമുണ്ടെന്നും എടുത്തു തരാമെന്നും പറഞ്ഞ് വാങ്ങിച്ചുകൊണ്ടു പോയി പണയംവെച്ചിട്ടുള്ളതും, നാളിതുവരെയായി തിരികെ എടുത്തു തന്നിട്ടില്ലാത്തതുമാണ്. വിവാഹശേഷം ഒന്നു രണ്ടു ദിവസം കഴിഞ്ഞ് ഒന്നാം എതൃകക്ഷി ഹർജിക്കാരിയോട് മൊബൈൽ ഫോണിലൂടെ ലൈംഗിക ചിത്രങ്ങൾ കാണുന്നവരെയാണ് തനിക്ക് ഇഷ്ടമെന്നും പറഞ്ഞ് പല സ്ത്രീപുരുഷൻമാരുടെ നഗ്നചിത്രങ്ങൾ ഹർജിക്കാരിയെ കാണിച്ചിരുന്നു. ഒന്നാം എതൃകക്ഷിയെ കേൾക്കാതായതിൽ ഹർജിക്കാരിയെ നിർബന്ധിച്ച് മുടിക്കു പിടിച്ച് വലിച്ച് തടഞ്ഞു നിർത്തി മേപ്പടി ചിത്രങ്ങൾ കാണിക്കാൻ വീണ്ടും ശ്രമിച്ചതിൽ ഹർജിക്കാരി ഓടി രണ്ടാം എതൃകക്ഷിയുടെ അടുത്തു പോയി പറഞ്ഞപ്പോൾ, അതൊക്കെ ശരിയായിക്കോളും എന്നു പറഞ്ഞ് അനുകൂലിക്കുകയാണ് ചെയ്തത്. ഹർജിക്കാരി രണ്ടു മൂന്ന് ദിവസം കഴിഞ്ഞ് സ്വന്തം വീട്ടിലേക്ക് വരാൻ തുനിഞ്ഞപ്പോൾ, ഒരു മാല ധരിച്ചാൽ മതിയെന്നും മറ്റ് ആഭരണങ്ങൾ അലമാരയിൽ വെച്ച് പൂട്ടി താക്കോൽ തന്നെ ഏൽപ്പിച്ചോളൂ എന്നും രണ്ടാം എതൃകക്ഷി പറയുകയും, താൻ അണിഞ്ഞിരുന്ന മാലയും മോതിരവും കമ്മലും ഒഴികെയുള്ള ബാക്കിയെല്ലാ ആഭരണങ്ങളും അലമാരയിൽ വെച്ച് പൂട്ടി താക്കോൽ രണ്ടാം എതൃകക്ഷിയെ ഏൽപ്പിക്കുകയുമായിരുന്നു.

**3.** എന്നാൽ തിരികെ എത്തിയപ്പോൾ അലമാരയുടെ താക്കോൽ ആവശ്യപ്പെട്ടിട്ടും നൽകിയില്ല. മറ്റു എത്യകക്ഷികളോട് ഹർജിക്കാരി പറഞ്ഞുവെങ്കിലും സ്വർണ്ണം അവിടെതന്നെയുണ്ടാകുമെന്നും മേലിൽ അതിനെപ്പറ്റി ചോദിക്കരുതെന്നുമാണ് ഒന്നാം എതൃകക്ഷിയും, തിരിച്ചു ചോദിച്ചാൽ രണ്ടാം എതൃകക്ഷിയുടെ കയ്യിൽ നിന്നും അടി കിട്ടുമെന്ന് മൂന്നാം എതൃകക്ഷിയും ഭീഷണിപ്പെടുത്തുകയായിരുന്നു. ആയത് കേട്ട രണ്ടാം എതൃകക്ഷി ഹർജിക്കാരിയോട് തട്ടിക്കയറുകയും, ഒന്നാം എതൃകക്ഷി തന്നെ മുകളിലത്തെ ബെഡ്റൂമിൽ കൂട്ടി കൊണ്ടുപോയി കതകടച്ച് നിലത്ത് വലിച്ചിഴച്ച് മേലാസകലം അടിച്ചു പരിക്കേല്പിച്ചു. കരച്ചിൽ കേട്ട് മറ്റ് എതൃകക്ഷികൾ ഓടി വന്ന് തൽക്കാലം കാര്യം പറഞ്ഞ് മർദ്ദനം ഒഴിവാക്കി. മൂന്നാം എതൃകക്ഷിയുടെ ഭർത്താവിന് വിദേശത്ത് പോകുന്നതിന് പണം സ്വരൂപിക്കുന്നതിന് വേണ്ടി ഒന്നര ലക്ഷം രൂപ വേണമെന്നും ഒരാഴ്ച കൊണ്ട് തിരിച്ചു തരാമെന്നും പറഞ്ഞ് രണ്ടാം എതൃകക്ഷി സമീപിച്ചതിൽ, ആയത് നൽകാനാവില്ലെന്ന് പറഞ്ഞപ്പോൾ, അലമാരയിലെ സ്വർണ്ണം പണയം വെക്കാൻ എടുക്കുമെന്നും, ആ പൈസ കൊണ്ട് മൂന്നാം എതൃകക്ഷിയുടെ ഭർത്താവിനെ വിദേശത്തേക്ക് അയക്കുമെന്നും പറഞ്ഞ് രണ്ടാം എതൃകക്ഷി വാശിപിടിച്ച് ഭീഷണിപ്പെടുത്തിയതിൽ ഹർജിക്കാരി തന്റെ വീട്ടിലേക്ക് ഫോൺ ചെയ്യാൻ ശ്രമിച്ചപ്പോൾ ഒന്നാം എതൃകക്ഷി തന്റെ ഫോൺ ബലമായി പിടിച്ചു വാങ്ങി നിലത്തെറിയുകയും, ഭീഷണിപ്പെടുത്തുകയുമായിരുന്നു. അപ്രകാരം ഭയം കൊണ്ടും ശാരീരിക വേദന

കൊണ്ടും നിലത്തു വീണ ഹർജിക്കാരിയുടെ മുമ്പിൽ വെച്ച തന്നെ രണ്ടാം എതൃകക്ഷി താക്കോൽ എടുത്തുകൊണ്ടു വന്ന് അലമാര തുറന്ന് ഹർജിക്കാരിയുടെ രണ്ട് വളകൾ എടുത്ത് മൂന്നാം എതൃകക്ഷിയുടെ കൈവശം നൽകി അലമാര പൂട്ടി താക്കോൽ ഒന്നാം എതൃകക്ഷിയുടെ കൈവശം നൽകുകയുമാണ് ചെയ്തത്. തുടർന്ന് തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ മൂന്നാം എതൃകക്ഷിയുടെ ഭർത്താവ് വിദേശത്തേക്ക് പോയിരുന്നു.

**4.** ഹർജിക്കാരിയുടെ വീട്ടിൽ പോകാനോ വീടുമായി ബന്ധപ്പെടാനോ ഒന്നും രണ്ടും എതൃകക്ഷികൾ അനുവദിക്കാതെ വരികയും പരമാവധി വീട്ടു ജോലി ചെയ്യിക്കുകയും സമയത്ത് ഭക്ഷണം നൽകാതെ ബുദ്ധിമുട്ടിക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തിരുന്നു. ഭർത്ത്യവീട്ടിലെ സകല ജോലികളും ഹർജിക്കാരിയെ കൊണ്ട് നിർബന്ധപൂർവ്വം ചെയ്യിക്കുകയും ചെയ്തിരുന്നു. വിവാഹബന്ധത്തിൽ ലൈംഗികതയ്ക്ക് പ്രാധാന്യം നൽകാതെ അസൻമാർഗ്ഗിക മാർഗ്ഗത്തിൽ ജീവിച്ച വന്നിരുന്ന ഒന്നാം എതൃകക്ഷി ബെഡ്റൂമിൽ പ്രാകൃതവും ക്രൂരവുമായാണ് ഹർജിക്കാരിയോട് പെരുമാറിയിരുന്നത്. ഹർജിക്കാരിയുടെ ആറളത്തെ വീട്ടിൽ വന്നപ്പോൾ സ്വർണ്ണവും പണവും ആവശ്യപ്പെടുകയും ആയത് നൽകാതിരിക്കുകയും ചെയ്തതിൽ ഒന്നും രണ്ടും എതൃകക്ഷികൾ ഹർജിക്കാരിയെ അടിക്കുകയും ഹർജിക്കാരിയുടെ ഉമ്മയെ ചീത്ത വിളിക്കുകയും ചെയ്തിരുന്നു. ഹർജിക്കാരിക്ക് വിവാഹസമ്മാനമായി ഭർതൃവീട്ടുകാരിൽ നിന്ന് കിട്ടിയ ½(അര) പവൻ തൂക്കം വരുന്ന 3(മൂന്ന്) മോതിരങ്ങൾ വീട്ടു ചെലവിന് കാശില്ലാത്തതിനാൽ ആവശ്യമുണ്ടെന്നും എടുത്ത് തരാമെന്നും പറഞ്ഞ് ഒന്നാം എതൃകക്ഷി നിർബന്ധിച്ചതിനെ തുടർന്ന് രണ്ടാം എതൃകക്ഷി എടുത്തു കൊണ്ടുപോയി പണയം വെച്ച് ധൂർത്തടിക്കുകയാണുണ്ടായത്. വിവാഹശേഷം എതൃകക്ഷികൾ ഹർജിക്കാരിയുടെ വീട്ടിൽ വന്ന് ഒന്നാം എതൃകക്ഷിക്ക് വിദേശത്തു പോകാനായി Rs.2,00,000/- (രണ്ട് ലക്ഷം രൂപ) ഉടനെ ആവശ്യമുണ്ടെന്നും ആയത് ഉടനെ ശരിയാക്കി നൽകണമെന്നും ആവശ്യപ്പെട്ടപ്പോൾ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞതിൽ ഒന്നാം എതൃകക്ഷി ഹർജിക്കാരിയുടെ വീട്ടിനകത്തുവെച്ച് ഹർജിക്കാരിയുടെ കരണത്ത് അടിക്കുകയും കരഞ്ഞുകൊണ്ട് മുറിക്ക് വെളിയിലേക്ക് ഓടിയ ഹർജിക്കാരിയെ മറ്റു എതൃകക്ഷികൾ തടഞ്ഞുവെച്ച്, രണ്ടാം എത്യകക്ഷി ഹർജിക്കാരിയുടെ മുടിക്ക് ബലമായി പിടിച്ച വലിക്കുകയും മൂന്നാം എതൃകക്ഷി ഹർജിക്കാരിയെ പിടിച്ച തള്ളുകയും വീണപോയ ഹർജിക്കാരിയുടെ നടുവിന് ഒന്നാം എതൃകക്ഷി ചവിട്ടുകയും ചെയ്തു. ബഹളം കേട്ട് തന്റെ ഉമ്മയും സഹോദരങ്ങളും ബന്ധുക്കളും ഓടി വരുന്നത് കണ്ട് എതൃകക്ഷികൾ എല്ലാവരും ഹർജിക്കാരിയുടെ വീട്ടിൽ നിന്നും ഇറങ്ങിപോവുകയാണ് ഉണ്ടായത്.

**5.** ഒന്നാം എതൃകക്ഷി ഗൾഫിൽ പോകുന്ന ദിവസം അലമാരയുടെ താക്കോൽ രണ്ടാം എതൃകക്ഷിയെ ഏല്പിച്ചിരുന്നു. അങ്ങനെ വിദേശത്ത് പോയ സമയം, ബാങ്കിൽ കൊടുക്കാനുണ്ടെന്നും, മൂന്നാം എതൃകക്ഷിയുടെ വീട്ടിലെ ചടങ്ങിന് സമ്മാനം കൊടുക്കണമെന്നും പറഞ്ഞ്, ഹർജിക്കാരിയുടെ ബാക്കി സ്വർണ്ണം മൂന്ന് മാസത്തിനുള്ളിൽ തിരികെ എടുത്ത് തരാമെന്ന പറഞ്ഞ് ഹർജിക്കാരിയുടെ മുമ്പിൽ വെച്ച തന്നെ മുഴവൻ സ്വർണ്ണാഭരണങ്ങളും എടുത്ത് പണയം വെക്കാനായി കൊണ്ടു

പോകുന്നത് ഹർജിക്കാരി തടഞ്ഞതിൽ ഹർജിക്കാരിയെ രണ്ടും മൂന്നും എതൃകക്ഷികൾ തള്ളി താഴെയിട്ട് പോവുകയാണുണ്ടായത്. വിദേശത്തായിരുന്ന ഒന്നാം എതൃകക്ഷി ഹർജിക്കാരിയെ യാതൊരു തരത്തിലും ഫോണിൽ ബന്ധപ്പെടുകയോ, ചെലവിന് നൽകുകയോ ചെയ്തില്ല. അതിനിടയിൽ ഒന്നാം എതൃകക്ഷി നാട്ടിൽ വന്നപ്പോൾ, തന്റെ ഉപ്പയുടെ മുമ്പാകെ സ്വർണ്ണം തിരികെ ആവശ്യപ്പെട്ടതിൽ, ഹർജിക്കാരിയെ വലതുകൈകൊണ്ട് ഇടതു കവിളിലടിച്ച് പരിക്കേല്പിച്ചിരുന്നു. ഒന്നാം എതൃകക്ഷി ഇന്നുവരെ ഹർജിക്കാരിക്ക് സംരക്ഷണ ചെലവ് നൽകിയിട്ടില്ല. ഹർജിക്കാരിയുടെ കൈവശത്തിലുണ്ടായിരുന്ന 20 ¾ (ഇരുപതേ മുക്കാൽ) പവൻ സ്വർണ്ണാഭരണങ്ങൾ തിരിച്ച് തരാമെന്നു പറഞ്ഞ് എതൃകക്ഷികൾ പലപ്പോഴായി ബലമായി എടുത്തുകൊണ്ടുപോയി നാളിതുവരെ തിരിച്ച് നൽകിയിട്ടില്ല. വിദേശത്തു നിന്നും ഹർജിക്കാരിയേയും ബന്ധുക്കളെയും ഒന്നാം എതൃകക്ഷി നിരന്തരം ഫോണിൽ വിളിച്ച് കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയാണുണ്ടായത്. ഹർജിക്കാരിക്ക് ജീവഭയമുണ്ട്. ഒന്നിച്ച് താമസിച്ചിരുന്ന സമയം രണ്ടും മൂന്നും എതൃകക്ഷികൾ ചേർന്നു ഹർജിക്കാരിയെ പള്ളൂരിലുള്ള ഒരു ബേങ്കിൽ കൂട്ടി പോയി ഹർജിക്കാരിയെ കൊണ്ട് നിർബന്ധപൂർവ്വം ഒരു അക്കൗണ്ട് തുറപ്പിക്കുകയും, ആയതിലൂടെ ലോൺ എടുത്തു വഞ്ചിച്ചു.

**6.** ഹർജിക്കാരിക്ക് തൊഴിലോ മറ്റ് വരുമാനമോ ഇല്ലാത്തതിനാൽ തന്റെ വീട്ടുകാരെയാണ് ആശ്രയിക്കുന്നത്. വിദേശത്ത് പ്രതിമാസം Rs.80,000/- (എൺപതിനായിരം രൂപയിൽ) കൂടുതൽ വരുമാനം ലഭിക്കുന്ന ജോലിയുള്ള എതൃകക്ഷിയിൽ നിന്നും കഴിഞ്ഞ പതിനൊന്ന് മാസമായി ജീവനാംശം ലഭിച്ചിട്ടില്ല. 2020 നവംബർ മാസം ഹർജിക്കാരി നൽകിയ പരാതിയിന്മേൽ, ആറളം പോലീസ് എതൃകക്ഷികൾക്കെതിരായി കേസ് എടുത്തിട്ടുള്ളതും *[Crime No.42/2021 U/s 406,498A r/w 34 of Indian Penal Code,1860]* ആയത് ബഹു:JFCM മട്ടന്നൂർ കോടതിയുടെ പരിഗണനയിലുമാണ്. കൂടാതെ ഒന്നാം എതൃകക്ഷി നാട്ടിൽ വന്നപ്പോൾ ഹർജിക്കാരിയുടെ സഹോദരനെ ആക്രമിച്ചതിൽ മറ്റൊരു കേസും നിലവിലുണ്ട്. ആകയാൽ ഒരു സംരക്ഷണ ഉത്തരവും, (ഒന്നാം) എതൃകക്ഷി കൈക്കലാക്കി ദുർവിനിയോഗം ചെയ്ത 20¾ (ഇരുപതേ മുക്കാൽ) പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ ആയതിന്റെ മാർക്കറ്റ് വിലയായ Rs.8,00,000/- (എട്ട് ലക്ഷം രൂപയോ) നൽകുവാൻ കല്പിച്ചുകൊണ്ടു ഒരു ഉത്തരവിനും, ഹർജിക്കാരിക്ക് ജീവനാംശമായി പ്രതിമാസം Rs.20,000/-(ഇരുപതിനായിരം രൂപ) അനുവദിച്ചും, എതൃകക്ഷികളുടെ പ്രവൃത്തികളാൽ മാനസികവും ശാരീരികവും വൈകാരികവുമായ പ്രയാസങ്ങൾക്ക് നഷ്ടപരിഹാരമായി Rs.15,00,000/- (പതിനഞ്ച് ലക്ഷം രൂപ) അനുവദിച്ചും ഉത്തരവുണ്ടാകുവാൻ ആണ് മേൽ അപേക്ഷ.

**7.** മേൽ അപേക്ഷ ***MC 24/2022*** നമ്പർ ആയി സ്വീകരിച്ച് എതൃകക്ഷികൾക്ക് നോട്ടീസ് അയച്ചു. പ്രസ്തുത നോട്ടീസ് ലഭിച്ചതിനെ തുടർന്ന് എല്ലാ എതൃകക്ഷികളും കോടതി മുമ്പാകെ ഹാജരായി മറുപടി ആക്ഷേപം രേഖാമൂലം ബോധിപ്പിച്ചു.

**8.** <u>പ്രസ്തുത മറുപടി ആക്ഷേപത്തിലെ പ്രസക്തമായ സംക്ഷിപ്ത രൂപം</u>:-

അപേക്ഷയിൽ പ്രസ്താവിച്ച മുഴുവൻ കാര്യങ്ങളും കളവായതിനാൽ നിഷേധിക്കുന്നു. രണ്ടാം എതൃകക്ഷി ഹർജിക്കാരിയുടെ യാതൊരു സ്വർണ്ണവും ഒരു കാലത്തും വാങ്ങിയിരുന്നില്ല. സ്വർണ്ണം വാങ്ങിച്ച് പണയം വെച്ച് എന്ന് പറയുന്നത് കെട്ടിച്ചമച്ചതാണ്. അപേക്ഷയിൽ പരാമർശിച്ചതുപോലെയുള്ള സദാചാരത്തിന് എതിരായ യാതൊരു കാര്യവും എതൃകക്ഷികളുടെ ഭവനത്തിൽ നടന്നിട്ടേയില്ല. ആയത് ഹർജിക്കാരിയുടെ ഭാവനയാണ്. മൂന്നാം എതൃകക്ഷിയുടെ ഭർത്താവിന് സാമ്പത്തികമായി കഴിവുള്ളതിനാൽ തന്നെ വിദേശത്ത് പോകാൻ ഹർജിക്കാരിയുടെ സ്വർണ്ണത്തിന്റെ ആവശ്യമില്ല. ഹർജിക്കാരിക്ക് സത്യത്തിൽ യാതൊരു വീട്ടുജോലിയും അറിയില്ല. ഹർജിക്കാരിയെ സ്വന്തം മകളായി കണക്കാക്കിയിരുന്ന രണ്ടാം എതൃകക്ഷിയാണ് വീട്ടിലെ എല്ലാ ജോലികളും ചെയ്യാറുള്ളത്. ഒന്നാം എതൃകക്ഷി വിവാഹബന്ധത്തിൽ ലൈംഗികതക്കു പ്രാധാന്യം കൊടുത്തു കൊണ്ട് തന്നെ സ്നേഹപൂർവ്വമാണ് ഹർജിക്കാരിയോട് കിടപ്പറയിൽ പെരുമാറിയത്. യഥാർത്ഥത്തിൽ ഹർജിക്കാരിക്ക് മറ്റൊരു വ്യക്തിയുമായി അടുത്ത സ്നേഹബന്ധമുണ്ടായിരുന്നതിനാൽ, അവരുടെ രക്ഷിതാക്കൾ പ്രസ്തുത വ്യക്തിയെ ഒഴിവാക്കുന്നതിനായി ഒന്നാം എതൃകക്ഷിയുമായി വിവാഹം കഴിപ്പിക്കുകയായിരുന്നു. ഹർജിക്കാരിക്ക് ഒന്നാം എതൃകക്ഷിയോട് യാതൊരു താൽപര്യവുമില്ല. ഒന്നാം എതൃകക്ഷിക്ക് ഗൾഫിൽ പോകുവാനായി ഹർജിക്കാരിയോടു പണം ആവശ്യപ്പെട്ടിട്ടില്ല. ഗൾഫിൽ പോകുന്ന സമയം ഒന്നാം എതൃകക്ഷി അലമാരയുടെ താക്കോൽ ഹർജിക്കാരിയുടെ കൈവശമാണ് ഏല്പിച്ചത്. വിദേശത്ത് നിന്നും ഒന്നാം എതൃകക്ഷി ഹർജിക്കാരിയോടു എല്ലാ ദിവസവും ഫോണിൽ സംസാരിക്കുകയും, ചിലവിന് നല്കുകയും ചെയ്തിരുന്നു. മൂന്നാം എതൃകക്ഷി അവരുടെ ഭവനത്തിലാണ് അധികവും താമസിക്കാറുണ്ടായിരുന്നത്. എന്നാൽ ഹർജിക്കാരി വല്ലപ്പോഴും മാത്രമാണ് എതൃകക്ഷികളുടെ വീട്ടിൽ താമസിച്ചിരുന്നത്. ഒന്നാം എതൃകക്ഷി വാങ്ങിച്ച് കൊടുത്ത മൊബൈൽ ഫോൺ ആണ് ഹർജിക്കാരി ഉപയോഗിക്കുന്നത്. ഹർജിക്കാരിയുടെ സ്വർണ്ണാഭരണങ്ങൾ എതൃകക്ഷികൾ എടുത്തിട്ടില്ല. അവ ഹർജിക്കാരിയുടെ കൈവശം തന്നെയാണ് ഉള്ളത്. ഏകദേശം 10(പത്ത്) പവൻ സ്വർണ്ണാഭരണങ്ങളെ ഹർജിക്കാരിക്ക് ഉണ്ടായിരുന്നുള്ളൂ. എതൃകക്ഷികൾ ഹർജിക്കാരിയേകൊണ്ട് യാതൊരു ലോണും എടുപ്പിച്ചിട്ടില്ല.

**9.** ഹർജിക്കാരിക്ക് കേക്ക് ഉണ്ടാക്കി വിൽക്കുന്ന ജോലിയും, കൂടാതെ സ്വന്തമായി 'ഫാഷൻ ഡിസൈനിംഗ് ' ഉം ആയതിൽ നിന്നും എല്ലാം കൂടി പ്രതിമാസം Rs.20,000/- (ഇരുപതിനായിരം രൂപ) വരുമാനമുണ്ട്. മേൽ കേസ് ബോധിപ്പിച്ച തീയ്യതി വരെ ഹർജിക്കാരിക്ക് ജീവനാംശം നൽകിയിട്ടുണ്ട്. ഗൾഫിൽ തൊഴിൽ അന്വേഷിച്ച് പോയ ഒന്നാം എതൃകക്ഷി, തൊഴിൽ ലഭിക്കാത്തതുമൂലം തിരികെ നാട്ടിൽ വന്നതാണ്. *(അപേക്ഷയിലെ മറ്റു പ്രസ്താവനകൾ എതൃകക്ഷികൾ പ്രത്യേകം നിഷേധിച്ചു)*

**10**. അപേക്ഷയിലെ പ്രസ്താവനകൾ തെളിയിക്കുന്നതിനായി ഹർജിഭാഗം തെളിവിലേക്കായി ഹർജിക്കാരിയെ **PW1** ആയി വിസ്തരിച്ചു, ഹർജിക്കാരിയുടെ പിതാവിനെ **PW2** ആയും, ആറളം

പോലീസിൽ ഹർജിക്കാരി നൽകിയ പരാതിയിന്മേൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനെ **PW3** ആയും വിസ്തരിച്ചു. ഹർജിഭാഗം **Ext.P1**, **Ext.P2** രേഖകൾ ഹാജരാക്കി. പ്രസ്തുത രേഖകളുടെ വിശദാംശങ്ങൾ ഈ ഉത്തരവിന്റെ അനുബന്ധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**11.** എതൃകക്ഷിഭാഗം തെളിവിലേക്കായി രണ്ടാം എതൃകക്ഷിയെ **DW1** ആയി വിസ്തരിച്ചു. രേഖാമൂലമുള്ള തെളിവുകൾ എതിർഭാഗത്തിന് ഇല്ല.

**12.** ഇരുകക്ഷികളേയും പ്രതിനിധീകരിച്ച അഭിഭാഷകരുടെ വാദം കേട്ടു. അപേക്ഷയും, അതോടനുബന്ധിച്ച് ബോധിപ്പിച്ച സത്യവാങ്മൂലവും മറ്റു രേഖകളും കോടതി പരിശോധിച്ചു.

**13.** <u>കേസിന്റെ അന്തിമ നിർണ്ണയത്തിനായി താഴെ പറയുന്ന പോയിന്റുകൾ പരിഗണിച്ചു</u> :-

***(i)*** ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും അപേക്ഷയിൽ പ്രസ്താവിച്ച പ്രകാരം, *2005*ലെ നിയമത്തിലെ *3*ാം വകുപ്പ് നിർവചിക്കുന്ന വിധമുള്ള 'ഗാർഹിക പീഢനം' അതിജീവിക്കേണ്ടി വന്നിട്ടുണ്ടോ*?* ഉണ്ടെന്ന് തെളിയുന്ന പക്ഷം, അതേ നിയമത്തിലെ *18*ാം വകുപ്പ് പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ*?*

***(ii)*** ഹർജിക്കാരിക്ക് അവകാശപ്പെട്ടതെന്ന് പറയുന്ന *20 ¾ (*ഇരുപതേ മുക്കാൽ*)* പവൻ സ്വർണ്ണാഭരണങ്ങൾ ഒന്നാം എതൃകക്ഷി കൈക്കലാക്കി ദുർവിനിയോഗം ചെയ്തുവോ*?* അപ്രകാരം ചെയ്തുവെന്ന് തെളിയുന്നപക്ഷം അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം *20 ¾ (*ഇരുപതേ മുക്കാൽ*)* പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ ആയതിന്റെ മാർക്കറ്റ് വിലയായ *Rs.8,00,000/-(*എട്ട് ലക്ഷം*)* രൂപയോ ഹർജിക്കാരിക്ക് നൽകുവാൻ എതിർകക്ഷികളോട് കല്പിച്ചുകൊണ്ടു ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ*?*

***(iii)*** അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഹർജിക്കാരിക്ക് ജീവനാംശമായി പ്രതിമാസം *Rs.20,000/-(*ഇരുപതിനായിരം *)* രൂപ ലഭിക്കാൻ അർഹതയുണ്ടോ*?*

***(iv)*** അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം *2005*ലെ നിയമത്തിലെ *22*ാം വകുപ്പ് പ്രകാരം ഹർജിക്കാർക്ക് എതൃകക്ഷികളിൽ നിന്നും നഷ്ടപരിഹാരമായി *Rs.15,00,000/- (*പതിനഞ്ച് ലക്ഷം രൂപ*)* അനുവദിച്ച് ഉത്തരവ് ലഭിക്കാൻ അർഹതയുണ്ടോ*?*

***(v)*** എന്ത് ഉത്തരവുകളാണ് പുറപ്പെടുവിക്കേണ്ടത് *?*

**14.** <u>പോയിന്റ് **(i)**</u> :- ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഢനം അതിജീവിക്കേണ്ടി വന്നിട്ടുണ്ടെന്നും, ആയതിനാൽ തന്നെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നത് തടഞ്ഞ് ഒരു സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കണം എന്നതാണ് അപേക്ഷയിലെ

പ്രധാന ആവശ്യം. ഒന്ന് മുതൽ മൂന്ന് വരെയുള്ള എതൃകക്ഷികൾ ക്രമേണ ഹർജിക്കാരിയുടെ ഭർത്താവും, ഭർതൃമാതാവും, ഭർതൃ സഹോദരന്റെ ഭാര്യയുമാണ്. അപേക്ഷയിലെ പ്രസ്താവനകളായ ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിൽ നിലനിന്നിരുന്ന വിവാഹബന്ധവും, ഇരുകക്ഷികളും തമ്മിൽ നിലനിന്നിരുന്ന ഗാർഹിക ബന്ധുത്വവും തർക്കത്തിലില്ല. എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നുവെന്ന് തെളിയിക്കുന്നതിനായി ഹർജിക്കാരി PW1 ആയി അപേക്ഷയിലെ പ്രസ്താവനകൾക്ക് അനുസൃതമായി സത്യവാങ്മൂലം മുഖാന്തരം തെളിവ് നൽകി. PW1ന്റെ എതിർവിസ്താരവും ഈ കോടതി വിശദമായി പരിശോധിച്ചു.

**15.** ഹർജിക്കാരിയുടെ പിതാവിനെ ഈ കോടതി മുമ്പാകെ സാക്ഷിയായി PW2 ആയി ഹർജിഭാഗം വിസ്തരിച്ചിരുന്നു. ' വിവാഹം കഴിഞ്ഞ് ശേഷം പലപ്പോഴും എൻറെ മകളെ ഒന്നാം എതൃകക്ഷി അടിക്കാറുണ്ടായിരുന്നു. നാല് തവണ മധ്യസ്ഥരെ കൂട്ടി പോയി സംസാരിച്ചിട്ടുണ്ടായിരുന്നു. മധ്യസ്ഥരായി പള്ളി കമ്മിറ്റിക്കാരെയും പാർട്ടിക്കാരെയും ഒക്കെ കൂട്ടി പോയിട്ടുണ്ട്. മധ്യസ്ഥ നടന്ന് തീരുമാനം ഒന്നും ഉണ്ടായില്ല ' എന്നാണ് അദ്ദേഹം തെളിവ് നൽകിയത്. തുടർന്ന് അദ്ദേഹത്തിന്റെ എതിർവിസ്താരത്തിൽ ഇത് സംബന്ധിച്ച് ചോദ്യം ഉന്നയിച്ചെങ്കിലും മധ്യസ്ഥ ചർച്ചകൾ നടന്നില്ല എന്നോ ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിൽ പ്രശ്നങ്ങൾ യാതൊന്നും ഉണ്ടായിരുന്നില്ല എന്നൊന്നും സ്ഥാപിക്കാൻ എതിർഭാഗത്തിന് സാധിച്ചിട്ടില്ല. ഇതോടൊപ്പം രണ്ടാം എതൃകക്ഷി DW1 ആയി കോടതി മുമ്പാകെ നൽകിയ വാക്കാലുള്ള തെളിവുകൾ കൂടി പരിശോധിക്കേണ്ടതുണ്ട്. 'സൽമയും*(Petitioner)* അഹ്ലാദും*(Respondent no.1)* തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളിൽ പള്ളിക്കമ്മിറ്റി മുഖാന്തരം മധ്യസ്ഥ സംസാരം നടന്നിരുന്നു. ഞങ്ങളുടെ വീട്ടിൽ വച്ചാണ് മധ്യസ്ഥ ചർച്ച നടന്നത്. രണ്ടാമത് മധ്യസ്ഥ ചർച്ച സംസാരിക്കാൻ വേണ്ടി പാർട്ടിക്കാർ വന്നിരുന്നു എന്ന് പറഞ്ഞാൽ ശരിയാണ്. ഈ വിഷയത്തിൽ പോലീസുകാരും സ്റ്റേഷനിൽ വച്ച് മധ്യസ്ഥ ചർച്ച നടന്നിരുന്നു.' എന്നാണ് എതിർവിസ്താരത്തിൽ DW1 തെളിവ് നൽകിയത്. പ്രസ്തുത തെളിവുകളിൽ നിന്ന് തന്നെ ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിൽ വൈവാഹിക ജീവിതത്തിൽ നിരന്തരം പ്രശ്നങ്ങൾ നടന്നിരുന്നുവെന്നും, ആയതിൽ ഇരു വീട്ടുകാരും അവരുടെ മഹല്ല് കമ്മിറ്റിയിലെ ഭാരവാഹികളും, നാട്ടിലെ രാഷ്ട്രീയ നേതാക്കളും, കൂടാതെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരും എല്ലാം പ്രശ്നങ്ങൾ പറഞ്ഞ് ഒത്തുതീർപ്പാക്കാൻ ശ്രമങ്ങൾ നടന്നിരുന്നു എന്നും വ്യക്തമാണ്.

**16.** അപേക്ഷയിലെ പ്രസ്താവനകളിൽ ശാരീരിക ദുരുപയോഗത്തിന്റെ പരിധിയിൽ വരുന്ന ആരോപണങ്ങൾ എല്ലാം തന്നെ പ്രധാനമായും ഒന്നാം എതൃകക്ഷിക്കെതിരെയുള്ളതാണ്. അവ സംബന്ധിച്ച് PW1 നൽകിയ തെളിവിനെ ഖണ്ഡിക്കുന്ന യാതൊന്നും തന്നെ എതിർവിസ്താരത്തിൽ കൊണ്ടുവരാൻ എതിർഭാഗത്തിന് സാധിച്ചിട്ടില്ല. ആകെ എതിർഭാഗം PW1നോട് ഉന്നയിച്ച ഒരു നിർദ്ദേശം(Suggestion) ഹർജിക്കാരിക്ക് തോന്നിയപോലെ ജീവിക്കാൻ സമ്മതിക്കാത്തതിലും ഹർജിക്കാരിക്ക് പല ബന്ധങ്ങൾ ഉള്ളതിനാലും മേൽ കേസ് കോടതി മുമ്പാകെ കളവായി ബോധിപ്പിച്ചതാണ് എന്ന് മാത്രമാണ്. പ്രസ്തുത നിർദ്ദേശം PW1

നിരാകരിക്കുക ചെയ്തു എന്ന് മാത്രമല്ല, ആയതിനു ആധാരമായി അങ്ങനെ ഒരു മറുവാദം തന്നെ മറുപടി ആക്ഷേപത്തിൽ എതിർഭാഗത്തിന് ഉണ്ടായിട്ടില്ല. തെളിവെടുപ്പിന്റെ ഘട്ടത്തിൽ PW1ന്റെ "സ്വഭാവദൂഷ്യങ്ങൾ" സംബന്ധിച്ച് പുതിയ വാദങ്ങൾ നിർമ്മിച്ചെടുക്കാനാണ് എതിർഭാഗം ശ്രമിച്ചത്.

**17.** ഇതോടൊപ്പം ഹർജിക്കാരിയുടെ പരാതിയിൽ പ്രഥമ ദൃഷ്ട്യാ അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്തു പോലീസ് ഇന്ത്യൻ ശിക്ഷാ നിയമ സംഹിത, 1860ലെ 498A r/w 34 വകുപ്പ് പ്രകാരം കുറ്റപത്രം സമർപ്പിച്ചതിനാൽ തന്നെ, അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിലും എതൃകക്ഷികൾക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ നിലനിൽക്കത്തക്ക വസ്തുക്കൾ ഉണ്ടെന്ന് വ്യക്തമാണ്. പ്രസ്തുത കേസ് ബഹു: മട്ടന്നൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ നിലനിൽക്കുന്നതിനാലും, ആയത് സ്ഥാപിക്കാനുള്ള മാനദണ്ഡങ്ങൾ 2005ലെ നിയമത്തിലെ അപേക്ഷ പരിഗണിക്കുമ്പോൾ എടുക്കേണ്ട മാനദണ്ഡങ്ങളും തമ്മിൽ വ്യത്യസ്തമായതിനാൽ തന്നെ, പ്രസ്തുത കേസിൽ എതൃകക്ഷികൾ കുറ്റക്കാരാണോ അല്ലയോ എന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല എന്ന വസ്തുത ഈ കോടതിയെ സംബന്ധിച്ച് പ്രാധാന്യം അർഹിക്കുന്ന വിഷയവുമല്ല.

**18.** മേൽ ഖണ്ഡികളിലെ കാരണങ്ങളുടേയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നുവെന്ന് ഈ കോടതി കണ്ടെത്തുന്നു. ആയതിനാൽ തന്നെ 2005ലെ നിയമത്തിലെ വകുപ്പ് 18 പ്രകാരം ഗാർഹിക പീഡനത്തിന്റെ പരിധിയിൽ വരുന്ന കൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും എതൃകക്ഷികളെ വിലക്കി ഒരു സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് ഉചിതവും ന്യായവും എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ഇപ്രകാരം പോയിന്റ്(i) ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തുന്നു.

**19.** <u>പോയിന്റ്**(ii)**</u>:- ഹർജിക്കാരിക്ക് അവകാശപ്പെട്ടതും എതൃകക്ഷി കൈക്കലാക്കി ദുർവിനിയോഗം ചെയ്തതുമായ 20 ¾ (ഇരുപതേ മുക്കാൽ) പവൻ സ്വർണ്ണാഭരണങ്ങളോ ആയതിന്റെ മാർക്കറ്റ് വിലയായ Rs.8,00,000/- (എട്ട് ലക്ഷം) രൂപയോ ഹർജിക്കാരിക്ക് നൽകുവാൻ കല്പിച്ചുകൊണ്ടു ഒരു ഉത്തരവ് ലഭിക്കണമെന്നുമാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. സ്വർണ്ണാഭരണങ്ങൾ സംബന്ധിച്ച് ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിലുള്ള വിവാഹം കഴിഞ്ഞു വിവിധ ഘട്ടങ്ങളിലായി നടന്ന പല ഇടപാടുകൾ സംബന്ധിച്ച് അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ട്. 5 (അഞ്ച്) പവൻ വരുന്ന ഒരു മാല വിവാഹം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ തന്നെ രണ്ടാം എതൃകക്ഷി പണത്തിന് അത്യാവശ്യമുണ്ടെന്നും പറഞ്ഞ് വാങ്ങിച്ചുകൊണ്ടു പോയി പണയംവെച്ചുവെന്നും, പിന്നീട് രണ്ടു മൂന്ന് ദിവസം കഴിഞ്ഞ് ഒരു മാല ഒഴികെ മറ്റ് ആഭരണങ്ങൾ അലമാരയിൽ വെച്ച് പൂട്ടി താക്കോൽ രണ്ടാം എതൃകക്ഷിയെ ഏല്പിക്കാൻ നിർബന്ധിതയായി എന്നും, ഒന്നാം എതൃകക്ഷി വിദേശത്ത് പോയ സമയം നിരവധി കാരണങ്ങൾ പറഞ്ഞ് ഹർജിക്കാരിയുടെ ബാക്കി സ്വർണ്ണം തിരികെ എടുത്ത് തരാമെന്നു പറഞ്ഞ് പണയം വെക്കാനായി കൊണ്ടുപോയെന്നും,

ഹർജിക്കാരിയുടെ ആറളത്തെ വീട്ടിൽ വന്നപ്പോൾ സ്വർണ്ണവും പണവും ആവശ്യപ്പെടുകയും ആയത് നൽകാതിരിക്കുകയും ചെയ്തതിൽ ഒന്നും രണ്ടും എതൃകക്ഷികൾ ഹർജിക്കാരിയെ അടിക്കുകയും ഹർജിക്കാരിയുടെ ഉമ്മയെ ചീത്ത വിളിക്കുകയും ചെയ്തിരുന്നു എന്നുമൊക്കെ ആണ് പ്രസ്താവിക്കുന്നത്. ആയതിനു അനുസൃതമായി PW1 തെളിവ് നല്കുകയും ചെയ്തു. എന്നാൽ ഹർജിക്കാരിയുടെ യാതൊരു സ്വർണ്ണാഭരണങ്ങളും എടുത്തിട്ടില്ല എന്നും, അവ ഹർജിക്കാരിയുടെ കൈവശം തന്നെയാണ് ഉള്ളത് എന്നും, ഏകദേശം 10(പത്ത്) പവനോളം സ്വർണ്ണം മാത്രമേ ഹർജിക്കാരിക്ക് ഉണ്ടായിരുന്നുള്ളൂ എന്നുമാണ് എതിർഭാഗം ഉന്നയിക്കുന്നത്. സ്വർണ്ണാഭരണങ്ങളുടെ വിവരണങ്ങൾ അടങ്ങിയ പട്ടിക ഹർജിഭാഗം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. സ്വർണ്ണാഭരണങ്ങൾ വാങ്ങിയതിന്റെ രസീറ്റുകളും മറ്റും സംബന്ധിച്ച് PW1നോട് എതിർവിസ്താരത്തിൽ ചോദ്യം ഉന്നയിച്ചപ്പോൾ അതെല്ലാം പോലീസ് മുമ്പാകെ ഹാജരാക്കി എന്നാണ് പറഞ്ഞത്. എന്നാൽ അവയുടെ ശരി പകർപ്പോ ഫോട്ടോകോപ്പിയോ ഒന്നും തന്നെ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. സ്വർണാഭരണങ്ങൾ ധരിച്ചിട്ടുള്ള വിവാഹ ചിത്രങ്ങളും പോലീസിൽ ഹാജരാക്കിയ ഹർജിക്കാരി, പക്ഷേ ആയത് കോടതി മുമ്പാകെ ഹാജരാക്കാത്തതിന്റെ കാരണവും വിശദീകരിച്ചിട്ടില്ല. തന്റെ ഉപ്പയും സഹോദരനും ചേർന്നാണ് സ്വർണ്ണാഭരണങ്ങൾ സമ്മാനിച്ചതെന്ന് എതിർവിസ്താരത്തിൽ പറഞ്ഞ ഹർജിക്കാരി പക്ഷേ ആയത് തന്റെ അപേക്ഷയിൽ പ്രത്യേകം പ്രസ്താവിച്ചിട്ടില്ല. *'ഹർജിക്കാരിക്ക് വിവാഹസമയത്ത് 20 ¾ പവൻ സ്വർണാഭരണങ്ങളാണ് ഉണ്ടായിരുന്നത് എന്ന് പറഞ്ഞാൽ ശരിയാണ്. ഞങ്ങളുടെ വീട്ടിലെ അലമാരയിൽ ആണത് സൂക്ഷിച്ചു വച്ചിരുന്നത് എന്ന് പറഞ്ഞാൽ ശരിയാണ്.'* എന്ന് എതിർവിസ്താരത്തിൽ സമ്മതിച്ചിട്ടുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ വീട്ടിലെ പ്രസ്തുത അലമാരയുടെ ചാവി സൂക്ഷിച്ചിരുന്നത് ഹർജിക്കാരി ആണ് എന്ന് DW1 അതിനോടൊപ്പം പറയുന്നുമുണ്ട്. രണ്ടാം എതൃകക്ഷി ഹർജിക്കാരിയുടെ സ്വർണ്ണാഭരണങ്ങൾ സംബന്ധിച്ച് അപേക്ഷയിലെ പ്രസ്താവനകൾക്ക് അനുസൃതമായിട്ടാണ് തെളിവ് നൽകിയതെങ്കിൽ കൂടി, ആയത് മാത്രം ഹർജിക്കാരി രണ്ടാം എതൃകക്ഷിയെ സ്വർണ്ണാഭരണങ്ങൾ വിശ്വസിച്ച് ഏല്പിച്ചിരുന്നു എന്നത് സ്ഥാപിക്കാൻ പര്യാപ്തമാവില്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം.

**20.** കൂടാതെ ഹർജിക്കാരിയുടെ പിതാവ് തന്നെ തന്റെ എതിർവിസ്താരത്തിൽ *'ഞങ്ങൾ മകൾക്ക് വാങ്ങിക്കൊടുത്തതും അവർ മകൾക്ക് കൊടുത്തത് അടക്കം മൊത്തത്തിൽ ഇരുപതേ മുക്കാലോളം പവൻ സ്വർണാഭരണങ്ങളാണ് ഉണ്ടായിരുന്നത്.'* എന്നാണ് തെളിവ് നൽകിയത്. എന്നാൽ അപേക്ഷയിൽ എവിടെയും കൃത്യമായി ഹർജിക്കാരിക്ക് എതൃകക്ഷികൾ നൽകിയ സ്വർണ്ണാഭരണങ്ങളുടെ തുക പ്രത്യേകം വേർതിരിച്ച് പറഞ്ഞിട്ടില്ല. ആയത് ഹർജിഭാഗം മന:പൂർവ്വം മറച്ചുവെക്കുകയാണ് ഉണ്ടായത് എന്ന് കോടതി നിരീക്ഷിക്കുന്നു. സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുള്ള ഉത്തരവ് നൽകുന്നതിന്, ഭർത്താവിനോ അവരുടെ മറ്റു കുടുംബാംഗങ്ങൾക്കോ സ്വർണ്ണാഭരണങ്ങൾ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട് പ്രത്യേക വാദങ്ങളും തെളിവുകളും ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ, സ്വർണ്ണവും പണവും തിരികെ നൽകുന്നതിന് ആവശ്യപ്പെടുന്ന

ആശ്വാസം അനുവദിക്കാൻ കഴിയില്ല. [ അബൂബക്കർ ലബ്ബ ***v.*** ഷമീന ***K. B. 2018 (3) KHC 219,*** ബിനിത ***v.*** ഹരീന്ദ്രൻ ***2023 KHC Online 99,*** ബിനോദ് ***v.*** സോഫി ***2019 KHC 5624*** മോഹൻദാസ് ***v.*** സുനിത മോഹൻദാസ് ***2024 (7) KHC 273*** ] 'വിശ്വാസമർപ്പിക്കൽ' (Entrustment) സംബന്ധിച്ച് വിശ്വസനീയമായ തെളിവുകളൊന്നുമില്ലാതെ ഒന്നാം ഹർജിക്കാരിയുടെ വെറും വാദങ്ങളും വാക്കാലുള്ള തെളിവുകളും മാത്രം അടിസ്ഥാനമാക്കി സ്വർണ്ണവും പണവും തിരികെ നൽകുന്നതിനുള്ള ഒരു ഉത്തരവ് നൽകാൻ സാധിക്കുന്നതല്ല. ആകയാൽ ആവശ്യപ്പെട്ട പോലെ 20 ¾ (ഇരുപതേ മുക്കാൽ) പവൻ സ്വർണ്ണാഭരണങ്ങളോ ആയതിന്റെ മാർക്കറ്റ് വിലയായ Rs.8,00,000/- (എട്ട് ലക്ഷം) രൂപയോ ഹർജിക്കാരിക്ക് നൽകുവാൻ കല്പിച്ചുകൊണ്ടു ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയില്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. ഇപ്രകാരം ഈ പോയിന്റ് ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

**21.** <u>പോയിന്റ്</u>**<u>(iii)</u>:-** ഹർജിക്കാരിക്ക് ജീവനാംശമായി പ്രതിമാസം Rs.20,000/- (ഇരുപതിനായിരം രൂപ) നൽകുവാൻ കല്പിച്ചുകൊണ്ടു ഒരു ഉത്തരവ് ലഭിക്കണമെന്നതാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. ഒന്നാം എതൃകക്ഷി ഇന്നുവരെ ഹർജിക്കാരിക്ക് സംരക്ഷണ ചെലവ് നൽകിയിട്ടില്ല എന്നും, ഹർജിക്കാരിക്ക് തൊഴിലോ മറ്റു വരുമാനമോ ഇല്ലാത്തതിനാൽ വീട്ടുകാരെ ആശ്രയിക്കുകയാണെന്നും എന്നാൽ ഒന്നാം എതൃകക്ഷിക്ക് വിദേശത്ത് പ്രതിമാസം Rs.80,000/- (എൺപതിനായിരം രൂപയിൽ) കൂടുതൽ വരുമാനം ലഭിക്കുന്ന ജോലി ഉണ്ടെന്നുമാണ് അപേക്ഷയിൽ പ്രസ്താവിക്കുന്നത്. എന്നാൽ വിദേശത്ത് നിന്നും ഒന്നാം എതൃകക്ഷി ഹർജിക്കാരിയോടു എല്ലാ ദിവസവും ഫോണിൽ സംസാരിക്കുകയും, ചിലവിന് നല്കുകയും ചെയ്തിരുന്നു എന്നാണ് മറുവാദം. കൂടാതെ ഹർജിക്കാരിക്ക് കേക്ക് ഉണ്ടാക്കി വിൽക്കുന്ന ജോലിയും, സ്വന്തമായി 'ഫാഷൻ ഡിസൈനിംഗ്'ഉം ആയതിൽ നിന്നും എല്ലാം കൂടി പ്രതിമാസം Rs.20,000/- (ഇരുപതിനായിരം രൂപ) വരുമാനമുണ്ട് എന്നും, അപേക്ഷ തീയ്യതി വരെയുള്ള ജീവനാംശം നൽകിയിട്ടുണ്ട് എന്നുമാണ് എതിർഭാഗം ആക്ഷേപിക്കുന്നത്.

**22.** ഒന്നാം എതൃകക്ഷിയുടെ തൊഴിലും വരുമാനവും സംബന്ധിച്ച് PW1നോട് എതിർവിസ്താരത്തിൽ ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. 'ഒന്നാം എതൃകക്ഷി പ്ലസ്ടു ഗ്രാഫിക് ഡിസൈനർ ആണ്. ഒന്നാം എതൃകക്ഷിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് യാതൊരു തെളിവുകളും ഞാൻ രേഖയായി ഹാജരാക്കിയിട്ടില്ല. ഇപ്പോൾ ഗ്രാഫിക് ഡിസൈനറായി ജോലി ചെയ്യുകയാണ് എന്നാണ് എൻറെ അറിവ്. ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത് എനിക്കറിയില്ല.' എന്നാണ് PW1 തെളിവ് നൽകിയത്. ഒന്നാം എതൃകക്ഷിയുടെ തൊഴിൽ സംബന്ധിച്ച് ഹർജിക്കാരിയുടെ അറിവിൽപെടുന്ന പരമാവധി കാര്യങ്ങൾ സംബന്ധിച്ച് PW1 തെളിവ് നൽകിയിട്ടുണ്ട്. ഇന്ത്യൻ തെളിവ് നിയമം 1872ലെ വകുപ്പ് 106 പ്രകാരം ഒരു വസ്തുത 'പ്രത്യേകിച്ച് ' ഒരാളുടെ അറിവിൽ ഉള്ളതാണെങ്കിൽ, ആ വസ്തുത തെളിയിക്കേണ്ട ബാധ്യത അയാളുടെ മേലാണ്. എതൃകക്ഷിയുടെ തൊഴിലും വരുമാനവും സംബന്ധിച്ചുള്ള വസ്തുതകൾ തെളിയിക്കേണ്ട ബാധ്യത ആയതിനാൽ തന്നെ ഒന്നാം എതൃകക്ഷിക്ക് ഉണ്ട്. എന്നാൽ ഒന്നാം എതൃകക്ഷിയെ എതിർഭാഗം സാക്ഷിയായി

വിസ്തരിക്കുകയോ അല്ലെങ്കിൽ ഒന്നാം എതൃകക്ഷിയുടെ തൊഴിലും വരുമാനവും സംബന്ധിച്ച് വല്ല രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിദേശത്ത് പോയി ജോലി ലഭിക്കാത്തതിനാൽ തിരികെ നാട്ടിലേക്ക് മടങ്ങി എന്നാണ് ഒന്നാം എതൃകക്ഷി മറുപടി ആക്ഷേപത്തിൽ പറഞ്ഞതെങ്കിലും, DW1 തന്റെ എതിർവിസ്താരത്തിൽ *'ഇപ്പോഴും അഫ്സാദ് (ഒന്നാം എതൃകക്ഷി) ഗൾഫിലാണ് ഉള്ളത്.'* എന്നാണ് തെളിവ് നൽകിയത്. തൊഴിൽ ഇല്ലെങ്കിൽ വിദേശത്ത് സ്ഥിരതാമസമാക്കുക എന്നത് പ്രായോഗികമല്ല. അങ്ങനെ എങ്കിൽ വിദേശത്ത് എന്ത് കൊണ്ട് ഒന്നാം എതൃകക്ഷി തുടരുന്ന എന്നും, മേൽ കേസിൽ ഉടനീളം തെളിവെടുപ്പിൽ കോടതിയിൽ എന്ത് കൊണ്ട് ഹാജരായില്ല എന്നും വിശദീകരിക്കേണ്ട ബാധ്യത കൂടി എതിർഭാഗത്തിന് ഉണ്ടായിരുന്നു.

**23.** ബഹു: സുപ്രീം കോടതിയുടെ ***Rajnesh v. Neha and Another AIR 2021 SC 569*** എന്ന വിധിന്യായത്തിൽ ജീവനാംശം സംബന്ധിച്ചുള്ള പരിഹാരങ്ങളിൽ കോടതികൾക്ക് ഉചിതവും ന്യായവും ആയ തീരുമാനം എടുക്കാൻ ഇരുഭാഗത്തിന്റെയും മുഴുവൻ ആസ്തി-ബാദ്ധ്യത വിവരങ്ങൾ അടങ്ങിയ സത്യവാങ്മൂലം നൽകുവാൻ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഒന്നാം എതൃകക്ഷി അപ്രകാരമുള്ള ഒരു സത്യവാങ്മൂലം മേൽ കേസിലേക്ക് ബോധിപ്പിക്കുകയും ചെയ്തിട്ടില്ല. ബഹു: സുപ്രീം കോടതി അതേ വിധിന്യായത്തിൽ തന്നെ ഇത്തരത്തിൽ സത്യവാങ്മൂലം സമർപ്പിക്കാത്ത കക്ഷികൾക്കെതിരെ പ്രതികൂല അനുമാനം എടുക്കാവുന്നതാണ് എന്നും നിരീക്ഷിച്ചിരുന്നു. ഒന്നാം എതൃകക്ഷിയുടെ തൊഴിലും വരുമാനവും സംബന്ധിച്ചുള്ള വസ്തുതകൾ കോടതി മുമ്പാകെ എതിർഭാഗം മനഃപൂർവ്വം മറച്ചുവെച്ചു എന്നാണ് ഈ കോടതിയുടെ അഭിപ്രായം. എന്നിരുന്നാലും ജീവനാംശ സംഖ്യ നിശ്ചയിക്കുമ്പോൾ ന്യായയുക്തവും യാഥാർത്ഥ്യബോധമുള്ളതുമായിരിക്കണം. രണ്ട് തീവ്രതകളും ഒഴിവാക്കണം, അതായത് ഭാര്യക്ക് നൽകുന്ന ജീവനാംശം പ്രതിക്ക് അടിച്ചമർത്തുന്നതും അസഹനീയവുമാകുന്നത്ര അമിതമായിരിക്കുകയും ചെയ്യരുത് എന്നാൽ ഭാര്യയെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്ന തരത്തിൽ തുച്ഛമായിരിക്കുകയും അരുത്. 2020 വർഷം മുതൽ ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും വേർപിരിഞ്ഞ് താമസിക്കാൻ തുടങ്ങിയത് മുതൽ ഹർജിക്കാരിക്ക് ചിലവിന് കൊടുത്തില്ല എന്ന് DW1 തന്റെ എതിർവിസ്താരത്തിൽ സമ്മതിക്കുന്നുമുണ്ട്. ആയതിനാൽ മേൽ അപേക്ഷയിന്മേൽ ചുരുങ്ങിയ പക്ഷം അപേക്ഷ ബോധിപ്പിക്കുന്ന തീയ്യതി മുതലുള്ള ജീവനാംശം നൽകുവാൻ ഒന്നാം എതൃകക്ഷി ബാധ്യസ്ഥനാണ്. ആവശ്യപ്പെട്ട ജീവനാംശ സംഖ്യ വളരെ അമിതമായതിനാൽ തന്നെ, ഈ കോടതിക്ക് മേൽ കേസിലെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും മേൽ ഖണ്ഡികകളിൽ പരാമരിശിച്ച കാരണങ്ങൾ അടിസ്ഥാനമാക്കിയും ജീവനാംശമായി Rs.10,000/- (പതിനായിരം രൂപ) പ്രതിമാസം നിശ്ചയിക്കുന്നു. ആയത് അപേക്ഷ തീയ്യതി തൊട്ട് ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും വിവാഹമോചിതരാവുന്ന തീയ്യതി വരെ നൽകുവാൻ ഒന്നാം എതൃകക്ഷിയോട് നിർദേശിച്ചു ഉത്തരവ് ആകുന്നു. മേൽ സംഖ്യ ഭാരതീയ ന്യായ സംഹിത,2023ലെ വകുപ്പ് 144 പ്രകാരം കൂടി ആകുന്നു.

**24.** <u>പോയിന്റ്(iv)</u>:- എതൃകക്ഷികളുടെ ഭാഗത്തു നിന്നുണ്ടായ ഗാർഹിക പീഡന പ്രവൃത്തികളാൽ ഹർജിക്കാരിക്കുണ്ടായ മാനസികവും ശാരീരികവും വൈകാരികവുമായ പ്രയാസങ്ങൾക്ക് നഷ്ടപരിഹാരമായി Rs.15,00,000/- (പതിനഞ്ച് ലക്ഷം രൂപ) നൽകുവാൻ എതൃകക്ഷികളോട് കല്പിച്ച് ഒരു ഉത്തരവ് ലഭിക്കണമെന്നതാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. പോയിന്റ്(i)ലെ കണ്ടെത്തൽ പ്രകാരം, ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നു എന്ന് ഈ കോടതി കണ്ടെത്തിയതിനാൽ തന്നെ, അർഹമായ നഷ്ടപരിഹാരം ലഭിക്കാൻ 2005ലെ നിയമത്തിലെ വകുപ്പ് 22 പ്രകാരം ഹർജിക്കാരിക്കു തീർച്ചയായും അർഹതയുണ്ട്. എന്നാൽ ആവശ്യപ്പെട്ട നഷ്ടപരിഹാരം വളരെ അമിതമാണ്.

**25.** 2005ലെ നിയമത്തിലെ വകുപ്പ് 22 പ്രകാരം ഗാർഹിക പീഡനം മൂലമുണ്ടായ മാനസിക പീഡനം, വൈകാരിക വ്യഥ എന്നിവയുൾപ്പെടെയുള്ള അതിജീവിതയുടെ പരിക്കുകൾക്ക് നഷ്ടപരിഹാരം നൽകാൻ എതൃകക്ഷിയോടു നിർദ്ദേശിക്കുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ, അപേക്ഷ പരിഗണിക്കുന്ന മജിസ്‌ട്രേറ്റിന് അധികാരമുണ്ട് എങ്കിലും എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് നഷ്ടപരിഹാര സംഖ്യ നിർണയിക്കുമ്പോൾ എടുക്കേണ്ടത് എന്ന് പ്രസ്തുത വകുപ്പിൽ നിഷ്കർഷിക്കുന്നില്ല. ആയതിനാൽ മേൽ അപേക്ഷയിലെ വസ്തുതകളുടെ പശ്ചാത്തലത്തിൽ ഉചിതവും ന്യായവുമായ മാനദണ്ഡങ്ങൾ അവലംബിക്കാം എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ആകയാൽ ഹർജിക്കാരിയുടെ പ്രായവും, സാമ്പത്തിക പശ്ചാത്തലവും, ഗാർഹിക പീഡനങ്ങളുടെ തോതും, കാലയിളവും മറ്റു വസ്തുതകളും കൂടി ആധാരമാക്കേണ്ടതുണ്ട്. അപേക്ഷയിലും, മറുപടി ആക്ഷേപത്തിലെയും, പിന്നീട് നൽകിയ തെളിവുകളിൽ നിന്നും ഈ കോടതിക്കു മനസ്സിലാക്കി എടുക്കാൻ സാധിക്കുന്ന ഇരുകക്ഷികളുടെയും സാമ്പത്തിക പശ്ചാത്തലവും, ജീവിത സാഹചര്യങ്ങളും. ഗാർഹിക പീഡനത്തിന്റെ സ്വഭാവവും, തോതും, ഗാർഹിക ബന്ധുത്വത്തിന്റെ ദൈർഘ്യവും, കക്ഷികളുടെ പ്രായവും, അപേക്ഷ ബോധിപ്പിച്ച മേൽ കേസ് അന്തിമ ഘട്ടം വരെ നടത്താൻ അഭിഭാഷകനെ നിയോഗിക്കേണ്ടി വന്ന ചിലവുകളും മറ്റു സാഹചര്യങ്ങളും എല്ലാം പരിഗണിച്ച് ഹർജിക്കാരിക്കു ഒന്ന് മുതൽ മൂന്ന് വരെ എതൃകക്ഷികളിൽ നിന്നും Rs.6,00,000/- (ആറ് ലക്ഷം രൂപ) നഷ്ടപരിഹാരമായി ലഭിക്കാൻ അർഹതയുണ്ടെന്ന് കോടതി കണ്ടെത്തുന്നു. മേൽ പോയിന്റ് [പോയിന്റ്(iv)] ഇപ്രകാരം ഭാഗികമായി ഹർജിക്കാരിക്കു അനുകൂലമായി കണ്ടെത്തുന്നു.

**26.** <u>പോയിന്റ് **(v)**</u>:- മേൽ സംഗതികളിൽ ഈ കോടതി എത്തിചേർന്ന കണ്ടെത്തലുകളുടെയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ മേൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് കൽപനയായിരിക്കുന്നു:

**A.** ഹർജിക്കാരിക്കെതിരെ ശാരീരിക ദുരുപയോഗമോ, വാക്കാലും വൈകാരികമായുമുള്ള ദുരുപയോഗമോ, സാമ്പത്തിക ദുരുപയോഗമോ ആയ ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ വരുന്ന ഏതെങ്കിലും പ്രവർത്തികൾ ചെയ്യുന്നതിൽ നിന്നും ഒന്ന് മുതൽ

മൂന്ന് വരെ എതൃകക്ഷികളെ വിലക്കി ഉത്തരവാകുന്നു. ഈ സംരംക്ഷണ ഉത്തരവ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ **18**ാം വകുപ്പ് പ്രകാരം ഉത്തരവാകുന്നു.

**B.** ആവശ്യപ്പെടുന്ന പക്ഷം ഹർജിക്കാരിക്ക് വേണ്ട സംരക്ഷണം നൽകാനും, ആവശ്യാനുസരണം ആയതിനു വേണ്ട നടപടികൾ എടുക്കാനും ആറളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

**C.** ഒന്നാം എതൃകക്ഷിയിൽ നിന്നും ജീവനാംശമായി ഹർജിക്കാരിക്കു പ്രതിമാസം **Rs.10,000/- (**പതിനായിരം രൂപ**)** മേൽ അപേക്ഷ കോടതി മുമ്പാകെ ബോധിപ്പിച്ച തിയ്യതി തൊട്ട് ഹർജിക്കാരി നിയമാനുസൃതം ഒന്നാം എതൃകക്ഷിയിൽ നിന്നും വിവാഹമോചിതയായ തീയ്യതി വരെ നൽകുവാൻ ഒന്നാം എതൃകക്ഷിയോടു കല്പിച്ച ഉത്തരവാകുന്നു. ആയത് ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023ലെ വകുപ്പ് **144** പ്രകാരം കൂടി ആകുന്നു.

**D.** ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ വകുപ്പ് **22** പ്രകാരം നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് **Rs.6,00,000/- (**ആറ് ലക്ഷം രൂപ**)** ഒന്ന് മുതൽ മൂന്ന് വരെയുള്ള എതൃകക്ഷികളോടു തുല്യമായി നൽകുവാൻ കല്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

**E.** ആവശ്യപ്പെടുന്നപക്ഷം ഇരുകക്ഷികൾക്കും ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് സൗജന്യമായി നൽകേണ്ടതാണ്.

**F.** ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് വീതം ആറളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, മാഹി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, കണ്ണൂർ ജില്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസർക്കും നൽേകണ്ടതാണ്.

sd/-
ന്യായാധികാരി
ഗ്രാമ ന്യായാലയ**,** ഇരിട്ടി**,** പായം

<u>അ നു ബ ന്ധം</u>

<u>പ്രോസികൃൂഷൻ ഭാഗം സാക്ഷികൾ</u>:-

| | |
|---|---|
| PW1 | കുണ്ടിലെ വീട്ടിൽ മുഹസീനത്ത് സൽമ |
| PW2 | അബ്ദുൾ ഖാദർ |
| PW3 | റെജി സ്കറിയ |

<u>പ്രോസികൃൂഷൻ ഭാഗം അടയാളപ്പെടുത്തിയ രേഖകൾ</u>

| | |
|---|---|
| Ext.P1 | Final Report (certified copy) PW3 മുഖേന തെളിവിൽ രേഖപ്പെടുത്തി |

| | |
|---|---|
| Ext.P2 | FIR (Certified copy) PW3 മുഖേന തെളിവിൽ രേഖപ്പെടുത്തി |

<u>എതൃകക്ഷി ഭാഗം സാക്ഷികൾ</u>:-

| | |
|---|---|
| DW1 | സീനത്ത് |

<u>പ്രതി ഭാഗം അടയാളപ്പെടുത്തേണ്ട രേഖകൾ</u>:- ഇല്ല

*(2026* ഏപ്രിൽ *20* ആയ ഇന്നേ ദിവസം തുറന്ന കോടതിയിൽ ഈ ഉത്തരവു പ്രസ്താവിച്ചിരിക്കുന്നു *)*

**Sd/-**

ന്യായാധികാരി

ഗ്രാമ ന്യായാലയ, ഇരിട്ടി, പായം